**<u>"ഭരണഭാഷ -മാതൃഭാഷ"</u>**

**DFB/1564/2025-G2**

" സുരക്ഷാഭവൻ"

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ

കാര്യാലയം, കുമാരപുരം, തിരുവനന്തപുരം-11

ഫോൺ. 0471-2441597

ഇ-മെയിൽ- directorate.fab@kerala.gov.in

തീയതി : 19-02-2026

**<u>സർക്കുലർ നമ്പർ - 05/2026</u>**

വിഷയം :- ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് - "സുരക്ഷാവാരാചരണം - 2026 - ഉപന്യാസ രചനാ മത്സരം/കവിത രചനാ മത്സരം" - സംബന്ധിച്ച്

2026 വർഷത്തെ സുരക്ഷാ വാരാചരണത്തോടനുബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ജീവനക്കാർക്കും, ഫാക്ടറി തൊഴിലാളികൾക്കുമായി ഉപന്യാസ രചനാമത്സരം, കവിത രചനാ മത്സരം എന്നിവ സംഘടിപ്പിക്കുന്നു. ഓൺലൈൻ ആയാണ് മത്സരം സംഘടിപ്പിക്കുന്നത്. മത്സരം നടത്തുന്ന ദിവസം വകുപ്പിന്റെ വെബ് സൈറ്റിൽ രാവിലെ 10.30-ന് രചനാ വിഷയങ്ങൾ പ്രസിദ്ധീകരിക്കും.

മികച്ച രചനകളിൽ ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം എന്നിവ ലഭിക്കുന്നവർക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. ഉപന്യാസം തയ്യാറാക്കേണ്ടത് എ4 സൈസ് പേപ്പറിൽ അഞ്ചു പുറത്തിൽ കവിയാതെയും, കവിത 3 പുറത്തിൽ കവിയാതെയും മലയാള ഭാഷയിലായിരിക്കണം. ഉപന്യാസത്തിലോ കവിതയിലോ രചയിതാവിനെ തിരിച്ചറിയാൻ സഹായിക്കുന്ന യാതൊന്നും ഉണ്ടായിരിക്കാൻ പാടില്ല.

നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന രചനകൾ പരിഗണിക്കുന്നതല്ല ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ടി മത്സരത്തിൽ വകുപ്പിലെ എല്ലാ ജീവനക്കാരം പങ്കെടുക്കണമെന്നും ഇതിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ ഫാക്ടറി തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഇൻസ്പെക്ടർമാർ ശ്രദ്ധിക്കേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു.

**രചനാ മത്സരം നടക്കുന്ന തീയതി : 25 -02-2026**

**നിബന്ധനകൾ**

1. രചനാ വിഷയങ്ങൾ **25-02-2026** രാവിലെ **10.30**-ന് ഡിപ്പാർട്ട്മെന്റിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ **(www.fabkerala.gov.in)** പ്രസിദ്ധീകരിക്കുന്നതായിരിക്കും.
2. രചനകൾ അയക്കേണ്ട ഇ-മെയിൽ വിലാസവും അന്നേ ദിവസം പ്രസിദ്ധീകരിക്കുന്നതായിരിക്കും.
3. രചനകൾ എഴുതി സമർപ്പിക്കേണ്ട (**Upload** ചെയ്യേണ്ട) സമയം **25-02-2026** രാവിലെ **11.00** മണിമുതൽ ഉച്ചയ്ക്ക് **12.00** മണി വരെ.
4. രചനകൾക്ക് **Acknowledgement mail** അയക്കുന്നതായിരിക്കും. അന്നേ ദിവസം **2 pm**-ന് മുൻപ് **Acknowledgement mail** ലഭിക്കാത്തവർ അന്നേ ദിവസം **02.30 pm** -ന് മുമ്പായി **8129088878/8129088848**-ൽ വിളിച്ച് അറിയിക്കേണ്ടതാണ്.
5. രചനകൾ മലയാളത്തിൽ കൈകൊണ്ട് എഴുതി സ്കാൻ ചെയ്ത് **pdf Format**-ൽ വേണം അയയ്ക്കാൻ.
6. മത്സരാർത്ഥിയുടെ **Identification details** മൽസര ദിവസം നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതാണ്.

Signed by P Pramod
Date: 19-02-2026 06:07:21
**ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ**

1. ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും
2. എല്ലാ ഉപ ഓഫീസുകൾക്കും
3. വെബ്സൈറ്റ്